"ഭരണഭാഷ- മാതൃഭാഷ".

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് - പെരുമ്പടപ്പ് ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കുന്നത് - സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.275/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:- 1. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.11.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.28

**ഉത്തരവ്**

മാറഞ്ചേരി പി.എച്ച്.സിയിൽ ഡയാലിസിസിന് സെന്റർ നിലവിലുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 10.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകൾ 5.00 ലക്ഷം രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇങ്ങനെ വകയിരുത്തിയിരിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ മാറഞ്ചേരി റീനൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും 18.12.2021-ലെ കോഓർഡിനേഷൻ സമിതി യോഗം മാറഞ്ചേരി പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് ചെയ്യാനാണ് അനുമതി നൽകിയത്. സെന്ററിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മാറഞ്ചേരി പി.എച്ച്.സി മെഡിക്കൽ ഓഫീസർക്കു പകരം പെരുമ്പടപ്പ് ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാനും സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യാനും അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം (1) പ്രകാരമുള്ള ആവശ്യം കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തം ഉള്ളതാകയാൽ ഗ്രാമപഞ്ചായത്തിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ മാറഞ്ചേരി പി.എച്ച്.സിയിലെ ഡയാലിസിസിന് സെന്ററിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മാറഞ്ചേരി പി.എച്ച്.സി മെഡിക്കൽ ഓഫീസർക്കു പകരം പെരുമ്പടപ്പ് ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാനും സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക

ഡെപ്പോസിറ്റ് ചെയ്യാനും ഗ്രാമപഞ്ചായത്തുകളുടെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു. തുക കൈമാറുന്നതു സംബന്ധിച്ച് ധനവകുപ്പിന്റെ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 09-02-2022 11:41:32**
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്